**Week -3**

# Weekly Devotion - April 2017

## Fear Caused by vision (കാഴ്ചയാലുള്ള ഭയം)




ആഫ്രിക്കയിലെ ഒരു ഖനി ഉടമയുടെ അനുഭവം ഭയത്തെ അതിജീവിക്കുവാൻ നമ്മെ സഹായിക്കുന്നതാണ് .ഒരു ദിവസം ഖനിയുടെ അടിത്തട്ടിൽ ഒരു വലിയ ഇരമ്പലോടു കല്ലും മണ്ണും വീഴുവാൻ തുടങ്ങി തൊഴിലാളികൾ പ്രാണരക്ഷാർത്ഥം ഓടി. കൃപയാൽ ഉടമയും കൂട്ടരും ഒരു പോറൽ പോലും ഏല്ക്കാതെ രക്ഷപെട്ടു ആ കാളരാത്രിയുടെ ഭയം അദ്ദേഹത്തെ തകർത്തു കളഞ്ഞു ഭയത്തെ അതിജീവിപ്പാൻ കഴിയാത്തതിനാൽ തൊഴിലിനേയും അത് ബാധിച്ചു .തന്നെ ആശ്രയിച്ചു കഴിയുന്ന തൊഴിലാളികൾ തൊഴിൽ ചെയ്ത് ജീവിക്കണമെങ്കിൽ താൻ ഭയം മാറ്റിയേ പറ്റുകയുള്ളു എന്ന് ഖനി ഉടമ മനസ്സിലാക്കി. ഭൂമിക്കടിലേക്ക് പോകുവാൻ തയ്യാറായിച്ചെന്ന ഉടമയെ ഓപ്പറേറ്റർ തടഞ്ഞു എങ്കിലും ഖനിയുടമ വഴങ്ങിയില്ല. തനിയെ ഖനിയുട അടിത്തട്ടിലെത്തിയ ഉടമ സാത്താനെ തോല്പിച്ചതായി ഉറക്കെ പ്രഖ്യാപിച്ച് പ്രാർത്ഥിച്ചു മടങ്ങി മുകളിൽ വന്ന അദ്ദേഹം പറഞ്ഞത് "ഞാൻ സാത്താനെ കൊന്നു, അവന്റെ മൃതദേഹം ഖനിയുടെ അടിത്തട്ടിൽ കുഴിച്ചിടുകയും ചെയ്തു" എന്നായിരുന്നു ഭയം മാറിയ ഉടമ മറ്റുള്ളവരുടെയും ഭയം മാറ്റി. യഹോവയിലാശ്രയിച്ച് അവർ ഖനനം തുടർന്നു.

**<u>സാഹചര്യങ്ങൾ ഭയപ്പെടുത്തുന്ന നാളിൽ യഹോവയിലാശ്രയിച്ചാൽ നമുക്ക് ഭയത്തെ കീഴ്പ്പെടുത്തുവാൻ കഴിയും</u>**

പെരുവെള്ളത്തിൽ ഇറങ്ങാതെ ഒഴിഞ്ഞുമാറുന്ന ഭീരുവിനോ, സമുദ്രത്തെ ഭയന്ന് കപ്പൽ യാത്ര ഒഴിവാക്കുന്നവർക്കോ ദൈവീക അത്ഭുതങ്ങൾ കരുതൽ ഇവ കാണുവാൻ കഴിയുകയില്ല. Read സങ്കീ :(107:23,24). തന്റെ ജനമായ യിസ്രായേൽ എന്ന ബഹുമതി നൽകി വിളിച്ചിറക്കിയ ഈ ജനത്തിന് നടത്തേണ്ട വഴി മോശയ്ക്ക് പറഞ്ഞു കൊടുത്തത് യഹോവ തന്നെയാണ്. അവർകടന്നു പോയ രണ്ടു സ്ഥലങ്ങളും മരുഭൂമിയിലെ ദുർഘടവളവുകൾ ഉള്ള സ്ഥല

ങ്ങളായിരുന്നു. ഇരുവശവും ഉയർന്നു നിന്ന ഗിരിനിരകളുടെ നടുവിൽ കൂടി നടന്നെത്തിയത് ചെങ്കടൽക്കരയിലും ആയിരുന്നു (പുറ:14:1-2). അവിടെ പാളയമിറങ്ങിയ ജനം തുടർന്ന് കണ്ടത് മിസ്രേമ്യ സൈന്യത്തെ ആയിരുന്നു. എവിടെ പാളയമിറങ്ങേണമെന്ന് തന്റെ ജനത്തോട് നിർദ്ദേശിച്ച യഹോവ തന്നെയാണ് ശത്രുവിനെ അവിടേക്കയച്ചതും. എന്തിന് ? തന്റെ ജനത്തിന്റെ പൂർണ്ണരക്ഷയ്ക്കും, ശത്രുവിന്റെ നാശത്തിനും എന്ന് പറഞ്ഞാൽ മോശയൊഴികെ മറ്റാർക്കും മനസ്സിലാക്കുകയില്ല. കാരണം മോശ യഹോവയിൽ പൂർണ്ണമായി വിശ്വസിച്ചിരുന്നു. യഹോവയെ വേദനിപ്പിക്കുന്ന വാക്കുകൾ മറ്റുള്ളവരിൽ നിന്നും ഉണ്ടായി. കുഞ്ഞുങ്ങളെ പലസാഹചര്യങ്ങൾ ഇതുപോലെയുള്ളത് നമ്മുടെ മുൻപിൽ വന്നിട്ടില്ലേ ഏൽപിച്ച് കൊടുത്തവർ ദൈവകൃപ പ്രാപിച്ചിട്ടുണ്ട് നിശ്ചയം എന്നാൽ ചിലർ സ്വന്തതാല്പര്യം അഭിപ്രായം ഇവനോക്കും .അപ്രകാരം വീണുപോയാലും കൃപാലുവായവൻ നമ്മെ ഉപേക്ഷിക്കുകയില്ല, പരമാവധി കാരണങ്ങൾ കണ്ടെത്തി അവൻ നമ്മെ രക്ഷിയ്ക്കും. ആദ്യം വേണ്ടത് നമ്മെ കണ്ടെത്തിയ യഹോവയിൽ വിശ്വസിക്കുക എന്നതാണ്.

**പരിശോധനകളെ എങ്ങനെ അഭിമുഖീകരിയ്ക്കണമെന്ന് മോശ ജനത്തോട് പറഞ്ഞവാക്കുകളിൽ നിന്ന് നമുക്ക് ചില കാര്യങ്ങൾ കണ്ടെത്താം.**

Read പുറ (14:13,14)

1. <u>**ഭയപ്പെടാതെ, ഉറച്ചുനില്ക്കണം**</u>

ചെങ്കടലിനും ശത്രുക്കൾക്കും ഇടയിലായവരുടെ ഭയം, നിരാശ ഇവ നാം ചിന്തിക്കുന്നതിലും അപ്പുറമാണ്. ഈ സാഹചര്യത്തിൽ ഭയപ്പെടരുത് എന്ന വാക്ക് അർക്കും ഉൾക്കൊള്ളുവാൻ കഴിയുകയില്ല. പറയുവാൻ കാഴ്ചക്കാർക്ക് എളുപ്പം, അനുഭവിക്കുന്നവർക്കേ മനസ്സിലാകൂ എന്ന് ചിലർ പറയും ശരിയാണ്. അനുഭവം വന്നാലേ ദൈവത്തിനും പ്രവർത്തിപ്പാൻ കഴിയികയുള്ളു അതിനാൽ വിശ്വാസത്തിലുറച്ചവരായി ഭയപ്പെടുത്തിയ വിഷയത്തെ ദൈവമുമ്പാകെ സമർപ്പിക്കുക അപ്പോഴാണ് അവന്റെ അത്ഭുതകരം പ്രവർത്തിക്കുന്നത് .നമുക്ക് കാണുവാൻ കഴിയുന്നത് വിശ്വാസത്തിലുറച്ചവരല്ലായിരുന്നു. എങ്കിലും സാഹചര്യം മോശയുടെ വാക്കനുസരിപ്പാൻ യിസ്രായേൽ ജനത്തെ ഒരുക്കി.

<u>**2.ശത്രുവിനെ കാണാതാക്കി രക്ഷ ഒരുക്കുന്നവൻ**</u>

യഹോവ ചെയ്യാനിരിക്കുന്ന രക്ഷയെ കാണുവാൻ കണ്ണും, സഹിപ്പാൻ ക്ഷമയും അനുസരിക്കുവാൻ മനസ്സും അത്യാവശ്യമാണ്. നമുക്ക് തനിയെ ഒന്നും ചെയ്യുവാൻ കഴിയുകയില്ല. ഈ നിസ്സഹായാവസ്ഥയാണ് ദൈവത്തിന് പ്രവർത്തിപ്പാനുള്ള സമയം.

കുഞ്ഞുങ്ങളെ ശത്രുവിനെ കണ്ട് നിരാശരായിത്തീരാതെ പ്രവർത്തിപ്പാൻ ദൈവത്തിന് സമയം നൽകുക. അങ്ങനെ വിശ്വാസത്തോടെ ഏൽപ്പിച്ചാൽ അത് ശത്രുവിന്റെ പൂർണ്ണതകർച്ചയ്ക്ക് കാരണമാകും. ശത്രുവിനെ ഇനി കാണുകയില്ല എന്ന് പറഞ്ഞത് മറ്റാരുമല്ല രക്ഷിപ്പാൻ കഴിവുള്ളവൻ തന്നെയാണ്.

<u>**3. നമുക്കായി യുദ്ധം ചെയ്യുന്ന യഹോവ**</u>

നമുക്കുവേണ്ടി യഹോവ പ്രവർത്തിക്കണമെങ്കിൽ നാം അഭിപ്രായപ്രകടനങ്ങൾ, നിർദ്ദേശങ്ങൾ ഇവ നൽകേണ്ട കാര്യമില്ല, പ്രശ്നം ചെറുതോ വലുതോ ഏതുമായിക്കൊള്ളട്ടെ യഹോവ പ്രവർത്തിപ്പാൻ ശക്തൻ തന്നെയാണ് . യഹോവ മോശയ്ക്ക് ജനത്തിനുവേണ്ട നിർദ്ദേശങ്ങൾ നൽകുമ്പോൾതന്നെ അവ അനുസരിപ്പാനുള്ള മനോഭാവവും നൽകുന്നു. അനുസരിക്കുന്ന

നമ്മുടെ കണ്ണും കൊണ്ട് യുദ്ധാന്തരഫലവും കാണുന്നു., ചെങ്കടൽ രണ്ടായി മാറിയപ്പോൾ ഉണങ്ങിയ നിലത്തു കൂടി ജനം അക്കരകടന്നു .എന്നാൽ വെള്ളം ഒന്നിച്ചപ്പോൾ ശത്രു നടുക്കടലിലും ആയി. നമ്മുടെ പ്രശ്നങ്ങളുടെയും മദ്ധ്യേ യേശു ഉള്ളതിനാൽ ശത്രു നമ്മെ കാണുന്നില്ല. നിലവിളിക്കുന്നതെന്തന്ന് ചോദിപ്പാനിടയാകാതെ മുൻപോട്ടുപോകുവാൻ വചനം നിങ്ങളെ ബലപ്പെടുത്തട്ടെ.

## **പ്രാർത്ഥന**

തന്റെ ജനത്തിന് ചെങ്കടലിൽ വഴി ഒരുക്കിയ ദൈവമേ, പ്രതികൂലത്തെ അതിജീവിച്ച് മുൻപോട്ടുപോകുവാൻ സഹായിക്കേണമേ സാത്താന്റെ തന്ത്രത്തെ തോല്പിച്ച് വിജയികളാകുവാൻ ഞങ്ങളെ വിശ്വാസത്തിലുറപ്പിക്കേണമേ, യേശുവിൻ നാമത്തിൽ തന്നെ

ആമേൻ


Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind